**ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ : U.V.Jose IAS (Retd)**

വിഷയം :- ത.സ്വ.ഭ.വ - ശുചിത്വമിഷൻ - ഖരമാലിന്യ (ജൈവം) സംസ്കരണം - പൗൾട്ടറി വേസ്റ്റ് ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരണം നടത്തുന്നതിലേയ്ക്ക് പാറക്കൽ ഇൻഡസ്ട്രീസ് എന്ന ഏജൻസിക്ക് DBOT അടിസ്ഥാനത്തിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-

1. 31.12.2014ലെ സ.ഉ (സാധാ) നം. 3508/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05.07.2024 ലെ 6482/C4/2023/SM നമ്പർ നടപടിക്രമം.
3. 13.08.2018-ൽ ചേർന്ന 9-ാമത് ശുചിത്വമിഷൻ എക്സിക്യൂട്ടീവ്കമ്മിറ്റിയുടെ 14-ാം നമ്പർ തീരുമാനം.
4. 10.11.2023-ലെ 6482/C4/2023/SM നം. താൽപര്യപത്രം.
5. 30.01.2024 തീയതിയിൽ കൂടിയ ശുചിത്വമിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം.
6. 30.10.2024 തീയതിയിൽ കൂടിയ ശുചിത്വമിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം.

നമ്പർ: SM/1007/2024-C4 തീയതി: 21-11-2024

**ഉത്തരവ്**

ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ സേവനം നൽകുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കൂടുതൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിന് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ശുചിത്വമിഷന് അനുമതി നൽകി ഉത്തരവായിരുന്നു.

ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ സേവന ദാതാക്കളെ തെരഞ്ഞെടുക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി പരാമർശം (2) പ്രകാരം സാങ്കേതിക സമിതി പുനർരൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. പരാമർശം (3) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ ഖരമാലിന്യ സംസ്കരണ മേഖലയിലെ സേവന ദാതാക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പരാമർശം (4) പ്രകാരം ശുചിത്വ മിഷൻ ഖരമാലിന്യ സംസ്കരണ (ജൈവം) പദ്ധതികൾ നടപ്പിലാക്കുന്നതിന് വിവിധ ടെക്നോളജി/ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് യോഗ്യരായ ഏജൻസികളെ എംപാനൽ ചെയ്യുന്നതിനുള്ള താൽപര്യപത്രം (EoI) ക്ഷണിച്ചിരുന്നു. ആയത് പ്രകാരം പാറക്കൽ ഇൻഡസ്ട്രീസ് എന്ന ഏജൻസി അപേക്ഷ സമർപ്പിച്ചിരുന്നു.

പരാമർശം (5) പ്രകാരം ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ പാറക്കൽ ഇൻഡസ്ട്രീസ് എന്ന ഏജൻസി സമർപ്പിച്ച അപേക്ഷ പരിശോധിക്കുകയും, ടി ഏജൻസിയുടെ

ടെക്നിക്കൽ പ്രസന്റേഷൻ വിലയിരുത്തുകയും നേരിൽ വിശദാംശങ്ങൾ ആരായുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ അന്തിമ ഉൽപ്പന്നമായ പൗൾട്ടറി മീൽ പരിശോധന ടെസ്റ്റ് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും. ഏജൻസി സമർപ്പിച്ചിട്ടുള്ള പൗൾട്ടറി വേസ്റ്റ് അനാലിസിസ് ടെസ്റ്റ് റിപ്പോർട്ട് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവകലാശാലയുടെ അഭിപ്രായത്തിനായി കൈമാറുകയും. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ള റിപ്പോർട്ട് പരാമർശം (6) പ്രകാരം ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ പരിശോധിച്ച് വിലയിരുത്തുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ അന്തിമ ഉൽപ്പന്നമായ പൗൾട്ടറി മീലിന്റെ ഗുണനിലവാര പരിശോധന റിപ്പോർട്ട് എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി ശുചിത്വ മിഷനിൽ സമർപ്പിക്കണമെന്ന നിബന്ധനക്ക് വിധേയമായി പൗൾട്ടറി വേസ്റ്റ് ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരണം നടത്തുന്നതിലേയ്ക്ക്, DBOT അടിസ്ഥാനത്തിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, പരാമർശം (6) ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ചുവടെ പട്ടികയിൽ പറയും പ്രകാരമുള്ള പാറക്കൽ ഇൻഡസ്ട്രീസ് VI,592.IDA, ബിനാനിപുരം പി.ഒ ഇടയാർ -683502, ആലുവ, എറണാകുളം എന്ന ഏജൻസിക്ക് പൗൾട്ടറി വേസ്റ്റിൽ നിന്നും പൗൾട്ടറി മീൽ നിർമ്മിക്കുന്നതിലേയ്ക്ക് DBOT അടിസ്ഥാനത്തിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ശുചിത്വ മിഷന്റെ അംഗീകൃത സേവനദാതാവായി ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഏജൻസിയുടെ സേവന കാലാവധി ഈ ഉത്തരവ് തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക് ആയിരിക്കും.

| Name of Agency | Area Recommended |
|---|---|
| Parakkal Industries<br>VI,592,IDA, Binanipuram, P.O Edayar<br>Aluva, Ernakulam, - 683502.<br>Mob: +91 9895804040<br>Email: parakkalindustries123@gmail.com | Empanelled for the collection and processing of poultry waste (Converted into poultry meal) in DBOT mode |

**നിബന്ധനകൾ**

1. ശുചിത്വ മിഷൻ നിർദ്ദേശിച്ചിട്ടുള്ള മാലിന്യ ശേഖരണ പ്രോട്ടോക്കോൾ പാലിച്ചായിരിക്കണം പൗൾട്ടറി മാലിന്യ ശേഖരണം നടത്തേണ്ടത്.
2. ഈ അംഗീകാരത്തിന്റെ കാലാവധി ഉത്തരവ് തീയതി മുതൽ മൂന്ന് വർഷത്തേക്കായിരിക്കും. ആയതിന് ശേഷം യോഗ്യതാ നിർണയം നടത്തി അംഗീകാരം പുതുക്കി നൽകുന്നതാണ്.
3. സേവനദാതാക്കൾ എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി തങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓഡർ), വാർഷിക ഓഡിറ്റഡ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് എന്നിവ ശുചിത്വമിഷനിൽ ലഭ്യമാക്കേണ്ടതാണ്.
4. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ച് വേണം സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകേണ്ടത്.
5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ അതാത് മേഖലകളിലുള്ള എല്ലാ സേവനദാതാക്കൾക്കും തങ്ങളുടെ ഓഫർ നൽകുവാൻ അവസരം

നൽകുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പുകൾ നൽകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ഷണിക്കുന്ന ടെൻഡർ നടപടിക്രമങ്ങളിൽ പങ്കെടുത്തുകൊണ്ട്, അവരവർക്ക് അംഗീകാരം നൽകിയിട്ടുള്ള സേവന മേഖലയിലുള്ള പ്രവൃത്തികൾ മാത്രമേ സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ പാടുള്ളൂ.

6. എംപാനൽ ചെയ്യപ്പെടുന്ന ഏജൻസി, അംഗീകാരം ലഭിക്കുന്നതിനായി ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച പ്രോസസ്സ് ഫ്ലോ പ്രകാരം പ്ലാൻ്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കേണ്ടതും, കേന്ദ്ര മലിനീകരണ നിയന്ത്ര ബോർഡിന്റെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള സംസ്കരണ സംവിധാനങ്ങൾ ഉറപ്പു വരുത്തി, സോളിഡ് വേസ്റ്റ് മാനേജ്മെൻ്റ് റൂൾസ്, 2016 (കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്നത്) പ്രകാരമുള്ള സ്റ്റാൻ്റേർഡ്സ് പാലിക്കേണ്ടതുമാണ്.
7. നിലവിലെ മാലിന്യ ശേഖരണ- സംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ ഉത്തരവുകളും പാലിച്ചുമാത്രമേ പൗൾട്ടറി വേസ്റ്റ് ഷോപ്പ്, മാർക്കറ്റ് മുതലായ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുവാനും മാലിന്യം ട്രാൻസ്പോർട്ടേഷൻ ചെയ്യുവാനും പാടുള്ളൂ. മാലിന്യം ശേഖരിക്കുമ്പോഴും, മാലിന്യ സംസ്കരണ പ്ലാൻ്റ് പ്രവർത്തിക്കുമ്പോഴും പരിസരത്ത് ഈച്ച, കൊതുക്, ലീച്ചേറ്റ് എന്നിവ മൂലം പരിസര മലിനീകരണം ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും, അടിക്കടിയുള്ള പരിശോധന നടത്തി ആയത് ഉറപ്പുവരുത്തേണ്ടതുമാണ്.
8. സേവന ദാതാക്കൾ അവർ ഏറ്റെടുക്കുന്ന (സ്ഥാപിക്കുന്ന) പ്രവൃത്തി സംബന്ധിച്ച വിശദവിവരങ്ങൾ (പ്രോജക്ടിന്റെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓർഡർ), പ്രോജക്ട് ലൊക്കേഷൻ, പ്ലാന്റിന്റെ കപ്പാസിറ്റി എന്നിവ) നിർബന്ധമായും രജിസ്റ്റർചെയ്ത് സൂക്ഷിക്കേണ്ടതും, ആവശ്യപ്പെടുന്ന പക്ഷം ശുചിത്വമിഷനിൽ ഹാജരാക്കേണ്ടതുമാണ്.
9. സേവന ദാതാക്കൾ മേൽപ്പറഞ്ഞ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്. പദ്ധതി നിർവഹണം മേൽപ്പറഞ്ഞവയ്ക്ക് വിരുദ്ധമായി കാണുന്ന പക്ഷമോ, പൊതുജനങ്ങളിൽ നിന്ന് സേവന ദാതാവിനെതിരെ ലഭിക്കുന്ന പരാതികൾ ശരിയാണെന്ന് ബോധ്യപ്പെടുന്ന പക്ഷമോ, സേവന ദാതാവ് നൽകിയ മാലിന്യ സംസ്കരണ ഉപാധികളുടെ പ്രവർത്തനം/ സേവനം തൃപ്തികരമല്ലെന്ന് ബോധ്യപ്പെടുന്ന പക്ഷമോ, ശുചിത്വ മിഷൻ കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായോ, നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ, ഏതൊരു സമയത്തും, യാതൊരു അറിയിപ്പും കൂടാതെ സേവന ദാതാവിന്റെ അംഗീകാരം റദ്ദ് ചെയ്യുന്നതിന് ശുചിത്വമിഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
10. സർക്കാർ/ ശുചിത്വമിഷൻ നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽ എല്ലാ സേവനദാതാക്കളുടെയും സഹകരണം ഉറപ്പാക്കേണ്ടതാണ്.

U.V.Jose IAS (Retd)
EXECUTIVE DIRECTOR

സ്വീകർത്താവ്,

Parakkal Industries, VI,592,IDA, Binanipuram

P.O Edayar-683502, Aluva, Ernakulam.

പകർപ്പ്,

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും.
4. എല്ലാതദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ- ഓർഡിനേറ്റർമാർ മുഖേന).
5. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതൽ ഫയൽ.